**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2623** **24-06-2024 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫോർമർ ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. കുറച്ച് മാസങ്ങൾക്കു മുമ്പ്, ട്രാൻസ്ഫോർമറുകളുടെ ക്ഷാമം ഉണ്ടായിട്ടുണ്ട്. 2023-24 ലെ പർച്ചേയ്സ് പ്ലാൻ അനുസരിച്ച്, 1198 എണ്ണം 100 കെ.വി.എ. യുടെയും, 340 എണ്ണം 160 കെ.വി.എ. യുടെയും 75 എണ്ണം 250 കെ.വി.എ. യുടെയും 11 എണ്ണം 500 കെ.വി.എ. യുടെയും ദർഘാസ്, 14.02.2023ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ക്ഷണിക്കുകയും ആയതിന്റെ പർച്ചേയ്സ് ഓർഡറുകൾ പൊതുമേഖലാ സ്ഥാപനമായ കെല്ലിനും (100 കെ.വി.എ, 160 കെ.വി.എ, 500 കെ.വി.എ) യൂണിപവറിനും (250കെ.വി.എ) 04.07.2023-ൽ നല്കുകയുണ്ടായി. ഇതിൽ കെല്ലിന് നല്കിയ പർച്ചേയ്സ് ഓർഡറിൽ 65 എണ്ണം (160 കെ.വി.എ) ട്രാൻസ്ഫോർമറുകൾ മാത്രമേ, അവർക്ക് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. അത് നല്കിയത് പർച്ചേയ്സ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുള്ള വിതരണ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. ഇങ്ങനെ കെല്ലിൽ നിന്ന് സമയബന്ധിതമായി, ട്രാൻസ്ഫോർമറുകൾ ലഭിക്കാത്തതിനാലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ട്രാൻസ്ഫോർമറുകൾക്ക് ക്ഷാമം അനുഭവപ്പെട്ടത്. ഏറ്റവും കുറഞ്ഞ തുക (L1) ക്വാട്ട് ചെയ്തിരുന്നതിനാലും കെൽ ഒരു പൊതുമേഖലാ സ്ഥാപനമായതിനാലുമാണ് മേൽപ്പറഞ്ഞ എണ്ണം ട്രാൻസ്ഫോർമറുകളുടെ ഓർഡർ KEL-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നല്കിയത്. ട്രാൻസ്ഫോർമർ സമയബന്ധിതമായി നല്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട് എന്നാൽ KEL -ന് ഓർഡർ നൽകിയിരുന്ന 1549 വിവിധ റേറ്റിംഗിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കെല്ലിന് പല പ്രാവശ്യം കത്തുകൾ നല്കിയെങ്കിലും, ട്രാൻസ്ഫോർമറുകൾ ലഭിച്ചില്ല. ആയതിനാൽ, |

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമറുകളുടെ ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ദർഘാസിൽ തിരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ബിഡ്ഡറായ ട്രാൻസ്കോൺ ഇൻഡസ്ട്രീസ്, ഹൈദ്രാബാദിന് 100 കെ.വി.എ -യുടെ ട്രാൻസ്ഫോർമറുകളുടെ ഓർഡർ 16.01.2024-ന് മാറ്റി നല്കുകയുണ്ടായി. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മാർച്ച് 2024 മുതൽ ജൂൺ 2024 വരെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 160 കെ.വി.എ -യുടെ ബാക്കി ട്രാൻസ്ഫോർമറുകളുടെ ഓർഡർ രണ്ടാമത്തെ ബിഡ്ഡറായ യൂണിപവർ സിസ്റ്റം, കോട്ടയത്തിന് 19.02.2024-ന് നല്കിയിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മെയ് 2024 മുതൽ സെപ്റ്റംബർ 2024 വരെ ലഭ്യമാക്കേണ്ടതാണ്. ഇതിൻ പ്രകാരം ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | ട്രാൻസ്ഫോർമർ ക്ഷാമം മൂലം പണമടച്ച സംരംഭകർക്ക് ട്രാൻസ്ഫോർമർ നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | ഉണ്ട്. കുറച്ച് മാസങ്ങൾക്കു മുമ്പ്, ട്രാൻസ്ഫോർമറുകളുടെ ക്ഷാമം ഉണ്ടായിട്ടുണ്ട്. 2023-24 ലെ പർച്ചേയ്സ് പ്ലാൻ അനുസരിച്ച്, 1198 എണ്ണം 100 കെ.വി.എ. യുടെയും, 340 എണ്ണം 160 കെ.വി.എ. യുടെയും 75 എണ്ണം 250 കെ.വി.എ. യുടെയും 11 എണ്ണം 500 കെ.വി.എ. യുടെയും ദർഘാസ്, 14.02.2023ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ക്ഷണിക്കുകയും ആയതിന്റെ പർച്ചേയ്സ് ഓർഡറുകൾ പൊതുമേഖലാ സ്ഥാപനമായ കെല്ലിനും (100 കെ.വി.എ, 160 കെ.വി.എ, 500 കെ.വി.എ) യൂണിപവറിനും (250കെ.വി.എ) 04.07.2023-ൽ നല്കുകയുണ്ടായി. ഇതിൽ കെല്ലിന് നല്കിയ പർച്ചേയ്സ് ഓർഡറിൽ 65 എണ്ണം (160 കെ.വി.എ) ട്രാൻസ്ഫോർമറുകൾ മാത്രമേ, അവർക്ക് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ. അത് നല്കിയത് പർച്ചേയ്സ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുള്ള വിതരണ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. ഇങ്ങനെ കെല്ലിൽ നിന്ന് സമയബന്ധിതമായി, ട്രാൻസ്ഫോർമറുകൾ ലഭിക്കാത്തതിനാലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ട്രാൻസ്ഫോർമറുകൾക്ക് ക്ഷാമം അനുഭവപ്പെട്ടത്. ഏറ്റവും കുറഞ്ഞ തുക (L1) ക്വാട്ട് ചെയ്തിരുന്നതിനാലും കെൽ ഒരു പൊതുമേഖലാ സ്ഥാപനമായതിനാലുമാണ് മേൽപ്പറഞ്ഞ എണ്ണം ട്രാൻസ്ഫോർമറുകളുടെ ഓർഡർ KEL-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നല്കിയത്. ട്രാൻസ്ഫോർമർ സമയബന്ധിതമായി നല്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട് എന്നാൽ KEL -ന് ഓർഡർ നൽകിയിരുന്ന 1549 വിവിധ |

| | | | |
|---|---|---|---|
| | | | റേറ്റിംഗിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കെല്ലിന് പല പ്രാവശ്യം കത്തുകൾ നല്കിയെങ്കിലും, ട്രാൻസ്ഫോർമറുകൾ ലഭിച്ചില്ല. ആയതിനാൽ, ട്രാൻസ്ഫോർമറുകളുടെ ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ദർഘാസിൽ തിരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ബിഡ്ഡറായ ട്രാൻസ്കോൺ ഇൻഡസ്ട്രീസ്, ഹൈദ്രാബാദിന് 100 കെ.വി.എ -യുടെ ട്രാൻസ്ഫോർമറുകളുടെ ഓർഡർ 16.01.2024-ന് മാറ്റി നല്കുകയുണ്ടായി. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മാർച്ച് 2024 മുതൽ ജൂൺ 2024 വരെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 160 കെ.വി.എ -യുടെ ബാക്കി ട്രാൻസ്ഫോർമറുകളുടെ ഓർഡർ രണ്ടാമത്തെ ബിഡ്ഡറായ യൂണിപവർ സിസ്റ്റം, കോട്ടയത്തിന് 19.02.2024-ന് നല്കിയിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മെയ് 2024 മുതൽ സെപ്റ്റംബർ 2024 വരെ ലഭ്യമാക്കേണ്ടതാണ്. ഇതിൻ പ്രകാരം ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചുകൊണ്ടിരിക്കുന്നു. |
| (സി) | വ്യവസായ സംരംഭങ്ങൾക്ക് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാതെ വരുന്നത് സംസ്ഥാനത്തെ വ്യാവസായിക വളർച്ചയ്ക്ക് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ട്രാൻസ്ഫോർമറിന്റെ ലഭ്യത കുറവ് മൂലം ചില സ്ഥലങ്ങളിൽ പണമടച്ച സംരംഭകർക്ക് സമയബന്ധിതമായി ട്രാൻസ്ഫോർമറുകൾ നല്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ട്രാൻസ്ഫോർമറിന്റെ ലഭ്യതക്കനുസരിച്ച് നൽകി വരുന്നു. |
| (ഡി) | പീക് അവറുകളിൽ ട്രാൻസ്ഫോർമറുകളുടെ ലഭ്യതക്കുറവ് മൂലം അതിന്റെ കപ്പാസിറ്റിയിൽ അധികം ലോഡ് ഉണ്ടാകുന്ന പ്രദേശങ്ങളിൽ വൈദ്യുതി വിതരണം സുഗമമല്ലാതാകുന്നതും തടസ്സപ്പെടുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഏപ്രിൽ മാസം ആദ്യം മുതൽ മെയ് മാസം പകുതി വരെയുള്ള കാലയളവിൽ ഉഷ്ണതരംഗംമൂലം ലോഡിൽ മുൻ വർഷങ്ങളിലെ ശരാശരിയേക്കാൾ വൻ വർദ്ധനവ് വന്നത് കാരണം സംസ്ഥാനത്തെ ചിലയിടങ്ങളിൽ ഉടലെടുത്ത അത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഇ) | ട്രാൻസ്ഫോർമർ ക്ഷാമം കാരണം പൊതു ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി കൂട്ടി കണക്ഷൻ നൽകുന്നത് സംരംഭകർക്ക് നഷ്ടം ഉണ്ടാക്കുമെന്ന പരാതി പരിശോധിക്കുകയുണ്ടായോ; | (ഇ) | നിലവിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. |
| (എഫ്) | എങ്കിൽ ട്രാൻസ്ഫോർമർ ക്ഷാമം മൂലമുള്ള പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (എഫ്) | KEL -ന് ഓർഡർ നൽകിയിരുന്ന 1549 വിവിധ റേറ്റിംഗിലുള്ള ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കെല്ലിന് പല പ്രാവശ്യം കത്തുകൾ നല്കിയെങ്കിലും, ട്രാൻസ്ഫോർമറുകൾ ലഭിച്ചില്ല. ആയതിനാൽ, ട്രാൻസ്ഫോർമറുകളുടെ ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ദർഘാസിൽ തിരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ബിഡ്ഡറായ |

| | | | |
|---|---|---|---|
| | | | ട്രാൻസ്കോൺ ഇൻഡസ്ട്രീസ്, ഹൈദ്രാബാദിന് 100 കെ.വി.എ-യുടെ ട്രാൻസ്ഫോർമറുകളുടെ ഓർഡർ 16.01.2024-ന് മാറ്റി നല്കുകയുണ്ടായി. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മാർച്ച് 2024 മുതൽ ജൂൺ 2024 വരെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ 160 കെ.വി.എ-യുടെ ബാക്കി ട്രാൻസ്ഫോർമറുകളുടെ ഓർഡർ രണ്ടാമത്തെ ബിഡ്ഡറായ യൂണിപവർ സിസ്റ്റം, കോട്ടയത്തിന് 19.02.2024-ന് നല്കിയിട്ടുണ്ട്. ഈ ഓർഡർ പ്രകാരം ട്രാൻസ്ഫോർമറുകൾ മെയ് 2024 മുതൽ സെപ്റ്റംബർ 2024 വരെ ലഭ്യമാക്കേണ്ടതാണ്. ഇതിൻ പ്രകാരം ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചുകൊണ്ടിരിക്കുന്നു.<br><br>കൂടാതെ 2024-25 വർഷത്തേയ്ക്കുള്ള ട്രാൻസ്ഫോർമറുകൾക്കുള്ള ദർഘാസുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ